ജലജന്യ രോഗങ്ങൾ തടയുന്നതിന് നടപടി

114 [5900] ശ്രീ. കെ. മുഹമ്മദാലി:
,, ഇ. എം. അഗസ്തി:
,, ടി. വി. ചന്ദ്രമോഹൻ:
,, ലൂഡി ലൂയിസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ഏതെല്ലാം ഭാഗങ്ങളിൽ ജലജന്യ രോഗങ്ങൾ ആവർത്തിച്ചു കണ്ടുവരുന്നു;

(ബി) എന്തെല്ലാം ജലജന്യ രോഗങ്ങളാണ് ഇവിടെ കാണപ്പെടുന്നത്;

(സി) പ്രസ്തുത രോഗങ്ങൾ തടയുന്നതിന് സ്ഥിരവും സ്ഥായിയുമായ പരിഹാര മാർഗ്ഗം എന്തൊക്കെയാണ്; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലെ കുപ്പപ്പുറം, കാവാലം, നീലംപേരൂർ, മുട്ടാർ, തലവടി, ചമ്പക്കുളം, പുളിങ്കുന്ന്, രാമങ്കരി, കൈനകരി, ചെമ്പുംപുറം, എടത്വാ, തകഴി എന്നീ പഞ്ചായത്തുകളിൽ ജലജന്യ രോഗങ്ങൾ കണ്ടുവരുന്നു.

(ബി) വയറുകടി, അതിസാരം, കോളറ, ടൈഫോയിഡ്, മഞ്ഞപ്പിത്തം, എലിപ്പനി മുതലായവയാണ് ഇവിടെ സാധാരണയായി കാണപ്പെടുന്ന ജലജന്യരോഗങ്ങൾ.

(സി) ശുദ്ധജല വിതരണം, സാനിറ്റേഷൻ, കക്കൂസ് നിർമ്മിക്കൽ, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ തുടങ്ങിയവയാണ് പ്രസ്തുത രോഗങ്ങൾ തടയുന്നതിനുള്ള സ്ഥിരവും സ്ഥായിയുമായ പരിഹാരങ്ങളിൽ പ്രധാനം. ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും ചികിൽസാ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയിട്ടുണ്ട്. രോഗം തടയുന്നതു സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളും നടന്നുവരുന്നുണ്ട്.

സംസ്ഥാന സർവ്വീസിലെ ഡോക്ടർമാരുടെ അവധി റദ്ദാക്കി തിരികെ വിളിക്കാൻ നടപടി

115 [5902] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല-പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം എന്നീ സ്വാശ്രയ/സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാർ, മറ്റ് ഹെൽത്ത് വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംസ്ഥാന സർക്കാർ നൽകിയ ലീവ് ഉപയോഗിച്ച് നിലവിൽ ജോലി ചെയ്തുവരുന്ന വിവരം കോളേജുതിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ തിരിച്ചു വിളിക്കുന്നത് സംബന്ധിച്ച് 10-7-2003-ലെ സർക്കാർ തീരുമാനം എന്താണ്; പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇവരെ തിരിച്ചു വിളിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാം തിരിച്ചുവന്നു; എത്ര പേർ ലീവ് റദ്ദാക്കി തിരിച്ചുവരാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇവരുടെ ലീവ് റദ്ദാക്കി സർക്കാർ ആശുപത്രികളിൽ തിരികെ വിളിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ/ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാർക്കോ മറ്റ് ഉദ്യോഗസ്ഥർക്കോ തിരുവല്ല-പുഷ്പഗിരി, കോലഞ്ചേരി, കാരക്കോണം എന്നീ സ്വാശ്രയ/സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ജോലി ചെയ്യുന്ന ആവശ്യത്തിനായി അവധി നൽകിയിട്ടില്ല.

(ബി) സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നത് സംബന്ധിച്ചാണ് 10-7-2003-ലെ സർക്കാർ തീരുമാനം. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച 28-7-2003-ലെ സർക്കാർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

സ്വകാര്യ ആശുപത്രികളുടെ ഫീസ് ഏകീകരണം

116 [5903] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ ഗ്രേഡിലുള്ള സ്വകാര്യ ആശുപത്രികൾ വിവിധ പരിശോധനകൾക്കും ചികിൽസയ്ക്കും അടിസ്ഥാന സൗകര്യങ്ങൾക്കുമായി വ്യത്യസ്ത ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം നിയമംമൂലം നിയന്ത്രിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രികളുടെമേൽ നിയന്ത്രണത്തിനായുള്ള നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly